Draft #2 of File 147866/AD B2-2/2024/AD B 2 Approved by ASSISTANT REGISTRAR III (ADMIN) on 13-Jan-2025 03:31 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല**
**പി. ഡി. ഹിൽസ്**
**അതിരമ്പുഴ, കോട്ടയം -686560**

147866/AD B2-2/2024/AD B 2 13.01.2025

**ക്വട്ടേഷൻ നോട്ടീസ്**

മഹാത്മാഗാന്ധി സർവകലാശാല ജനറൽ സ്റ്റോറിലേക്ക് സ്പൈറൽ ബൈൻഡിങ്ങിന് ആവശ്യമായ സ്പൈറൽ ബൈൻഡിങ് റിങ്ങ്, ബൈൻഡ് ചെയ്യുന്ന സിലബസിനു പുറമെ വയ്ക്കുന്ന പ്ലാസ്റ്റിക് കവർ എന്നിവ വിതരണം ചെയ്യുന്നതിന് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും സീൽ ചെയ്ത മത്സരാധിഷ്ഠിത ക്വട്ടേഷൻ ക്ഷണിച്ച് കൊള്ളുന്നു.

**ഇന വിവരണം**

| ക്രമ നം. | ഇനം | ആവശ്യമുള്ള അളവ് |
|---|---|---|
| 1. | സ്പൈറൽ ബൈൻഡിങ് റിങ് (1 ഇഞ്ച് വലിപ്പത്തിലുള്ളത്) | 300 മീറ്റർ |
| 2. | A4 Size-ലുള്ള പ്ലാസ്റ്റിക് കവർ | 2000 എണ്ണം |

ക്വട്ടേഷൻ അടങ്ങുന്ന കവറിന് പുറത്ത് ക്വട്ടേഷൻ നമ്പർ രേഖപ്പെടുത്തേണ്ടതും രജിസ്ട്രാർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, പി.ഡി ഹിൽസ് പി.ഒ, കോട്ടയം -686560 എന്ന വിലാസത്തിൽ അയക്കേണ്ടതുമാണ്.

| | |
|---|---|
| **ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി, സമയം : 23-01-2025, 3 പി.എം വരെ** | |
| **ക്വട്ടേഷൻ തുറക്കുന്ന തീയതി, സമയം : 23-01-2025, 3:30 പി.എം** | |

**ക്വട്ടേഷൻ വ്യവസ്ഥകൾ**

1.**ക്വട്ടേഷനിൽ രേഖപ്പെടുത്തിയിരിക്കുന്ന വില നികുതി, ട്രാൻസ്പോർട്ടേഷൻ ചാർജ്, കയറ്റിറക്ക് കൂലി എന്നിവ ഉൾപ്പെട്ടതായിരിക്കണം.**
2.ക്വട്ടേഷനുകൾക്ക് 2 മാസത്തെ പ്രാബല്യം ഉണ്ടായിരിക്കും.
3. ബൈൻഡിങ്ങിന് മെറ്റീരിയൽസ് സർവകലാശാല ജനറൽ സ്റ്റോറിലേക്ക് വിതരണം ചെയ്യണം.
4. **ക്വട്ടേഷനോടൊപ്പം ബൈൻഡിങ്ങിന് മെറ്റീരിയൽസിന്റെ സാമ്പിൾ കൂടി സമർപ്പിക്കണം.**
5. നിർദിഷ്ട സ്പെസിഫിക്കേഷനിലുള്ളവ തന്നെ വിതരണം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.
6. ഓരോ ഇനത്തിന്റെയും കുറഞ്ഞ വിലയുടെ അടിസ്ഥാനത്തിലാണ് വിതരണ ഉത്തരവ് നൽകുന്നത് അതിനാൽ ക്വട്ടേഷനിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾ സാധനങ്ങൾ ഭാഗികമായി വിതരണം ചെയ്യുന്നതിന് സന്നദ്ധമായിരിക്കണം.
7. ക്വട്ടേഷൻ സ്വീകരിക്കുന്നതോ തുറക്കുന്നതോ അവധി ദിവസമായാൽ അടുത്ത പ്രവൃത്തി ദിവസം ക്വട്ടേഷനുകൾ സ്വീകരിക്കുന്നതും നിർദിഷ്ട സമയത്തു തന്നെ തുറക്കുന്നതാണ്.
8. നിർദിഷ്ട സമയം കഴിഞ്ഞു ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.
9.നിശ്ചിത സമയ പരിധിക്കുള്ളിൽ ക്വട്ടേഷൻ തുറക്കാൻ ആവശ്യമായ 3 ക്വട്ടേഷനുകൾ ലഭിച്ചില്ലായെങ്കിൽ ക്വട്ടേഷൻ സ്വീകരിക്കുന്നതിനുള്ള സമയ പരിധി 5 പ്രവൃത്തി ദിവസങ്ങൾ കൂടി ദീർഘിപ്പിക്കുന്നതാണ്.
10.ദീർഘിപ്പിച്ച കാലയളവിൽ കൂടുതൽ ക്വട്ടേഷനുകൾ ലഭിച്ചാൽ ആദ്യ ക്വട്ടേഷനുകൾ ഉൾപ്പെടെയുള്ളവ പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.
11.ദീർഘിപ്പിച്ച കാലയളവിൽ പുതിയ ക്വട്ടേഷനുകൾ ലഭിച്ചില്ലെങ്കിൽ 5 ദിവസത്തെ സമയ പരിധിയിൽ റീ-ക്വട്ടേഷൻ ക്ഷണിക്കുന്നതായിരിക്കും.
12. ക്വട്ടേഷനുകൾ, കാരണം കാണിക്കാതെ തന്നെ സ്വീകരിക്കാനോ നിരാകരിക്കാനോ രജിസ്ട്രാർക്ക്

അധികാരമുള്ളതാണ്.

UDAYAKUMAR G
ASSISTANT REGISTRAR III (ADMIN)

പകർപ്പുകൾ :-

1. സ്റ്റോർ കീപ്പർ, ജനറൽ സ്റ്റോർ
2. പി.ആർ.ഒ. സെക്ഷൻ (യൂണി. വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനുവേണ്ടി)
3. ജനറൽ തപാൽ വിഭാഗം (പൂരിപ്പിച്ച ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിന്)

Draft #2 of File 147866/AD B2-2/2024/AD B 2 Approved by ASSISTANT REGISTRAR III (ADMIN) on 13-Jan-2025 03:31 PM - Page 2